

WEDNESDAY 20-07-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/07/2022.

1. മന്ത്രി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ ഇനി മുതൽ കൃത്യമായ ഇടവേളകളിൽ നേരിട്ട് കർഷകരുമായി സംവദിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി കൃഷിയിടത്തിലേക്ക് ഇറങ്ങുന്നതായിരിക്കുമെന്ന് കൃഷി മന്ത്രി പി. പ്രസാദ് അറിയിച്ചു.

2. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ 4/-രൂപ വരെ പാലിന് ഇൻസെന്റീവ് നൽകുന്നതാണെന്ന് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു.

3. പ്രധാനമന്ത്രി ഫസൽ ബീമാ യോജനയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി **ജൂലൈ 31** ആണ്. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ ഏറ്റവും അടുത്തുള്ള സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങളെയോ അക്ഷയ കേന്ദ്രങ്ങളെയോ അംഗീകൃത ഇൻഷുറൻസ് കമ്പനി പ്രതിനിധികളെയോ സമീപിക്കേണ്ടതാണ്. ഈ വർഷം മുതൽ പോസ്റ്റ് ഓഫീസ് വഴിയും ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും നികുതി ചീട്ട്/പാട്ടചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷ്വർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലെയും വാഴയും മരിച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, ജാതി, കൊക്കോ, കരിമ്പ്, ഏലം, കവുങ്ങ്, തക്കാളി, ചോളം, റാഗി, തിന മുതലായ ചെറു ധാന്യങ്ങൾ, പച്ചക്കറികൾ എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വിള നാശത്തിനുള്ള നഷ്ടപരിഹാരം സീസൺ കഴിഞ്ഞ് സർക്കാർ സമർപ്പിക്കുന്ന പഞ്ചായത്ത് തലത്തിലുള്ള വിളവിന്റെ ഡാറ്റ പ്രകാരമാണ് പ്രധാനമായും തിട്ടപ്പെടുത്തുന്നത്. കാലാവസ്ഥാ വിള ഇൻഷുറൻസ്

പദ്ധതിയിൽ സീസൺ കഴിഞ്ഞ് കാലാവസ്ഥാ നിലയങ്ങളിൽ നിന്നും ലഭിക്കുന്ന കാലാവസ്ഥാ ഡേറ്റാ പ്രകാരമാണ് പ്രധാനമായും നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. കൂടാതെ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ശക്തിയായ കാറ്റ്, (വാഴ, ജാതി, കവുങ്ങ്, കുരുമുളക്, ഏലം, കൊക്കോ എന്നീ വിളകൾക്ക് മാത്രം) എന്നിവ കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. വിളയുടെ വളർച്ചഘട്ടത്തെ അടിസ്ഥാനമാക്കി ജോയിന്റ് കമ്മിറ്റിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ആയിരിക്കും നഷ്ടപരിഹാര നിർണ്ണയം. ഇപ്രകാരമുള്ള നഷ്ടപരിഹാര നിർണ്ണയം പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വെള്ളപ്പൊക്കം കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വാഴയ്ക്കും മരിച്ചീനിക്കും ലഭ്യമാണ്. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് നഷ്ടം സംഭവിച്ചാൽ 72 മണിക്കൂറിനുള്ളിൽ വായ്പ എടുത്ത ബാങ്കിനെയോ, കൃഷിഭവനേയോ, എഐസി യെ നേരിട്ടോ കർഷകർ രേഖാമൂലം അറിയിക്കേണ്ടതാണ്.

4. നിറപുത്തരി വിളവെടുപ്പുത്സവത്തിന് ആവശ്യമായ നെൽക്കതിരുകൾ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കരമനയിലെ സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (IFSRS) ലഭ്യമാണ്. ഒരു ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള നെൽക്കതിരുകൾക്ക് വിൽപന വില 100 രൂപ. ഈ കാലയളവിൽ ഗവേഷണ കേന്ദ്രത്തിൽ നിന്ന് കതിർക്കുലക്കെട്ടുകൾ (അയർ) വിൽപ്പനയ്ക്ക് ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2343586** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം കൃഷിഭവന്റെ പരിധിയിലുള്ള കഴക്കൂട്ടം അയിരൂർപാറ വില്ലേജുകളിലെ പ്രധാനമന്ത്രി കിസാൻ സമ്മാൻ യോജനയുടെ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകർ തങ്ങളുടെ കൃഷിഭൂമിയുടെ വെരിഫിക്കേഷൻ കൃഷിഭവന്റെ എയിംസ് പോർട്ടൽ മുഖേന ഈ മാസം 25-ന് (ജൂലൈ 25) മുമ്പായി ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുടർ ആനുകൂല്യം ലഭിക്കുന്നതല്ലെന്നും ലാൻഡ് വെരിഫിക്കേഷൻ ചെയ്യുന്നതിന് കഴക്കൂട്ടം കൃഷിഭവനിൽ ഈ മാസം 25 (ജൂലൈ 25) വരെ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നതാണെന്നും കൃഷി ഓഫീസർ അറിയിക്കുന്നു.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ ഹാച്ചറി സൂപ്പർവൈസർ തസ്തികയിൽ ഒരു വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. 20 വയസിനും 30 വയസിനും ഇടയിലുളളവർക്ക് അപേക്ഷിക്കാം. പൗൾട്രി പ്രൊഡക്ഷൻ ആന്റ് ബിസിനസ് മാനേജ്മെന്റിൽ ബിഎസ്‌സി ബിരുദവും ഹാച്ചറിയിൽ ജോലി ചെയ്തതിന്റെ മുൻപരിചയവുമാണ് യോഗ്യത. ബയോഡേറ്റ സഹിതം ഈ മാസം 30-ന് (ജൂലൈ 30) മുമ്പായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ), ടിസി 30/697, പേട്ട, തിരുവനന്തപുരം - 695024 എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446364116** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂലൈ 21) രാവിലെ 11 മണിക്ക് **പ്രകൃതികൃഷി** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. ജൂലൈ 27-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

10. കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിങ്ങ് യൂണിറ്റിൽ ഈ മാസം **26-ന്** (ജൂലൈ 26) കാൽസെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള **ഹൈടെക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. ഗ്രോബാഗ് കൃഷി, തിരിനന സംവിധാനം തയ്യാറാക്കൽ, 35 മുതൽ 45 ചെടികൾ വരെ നടാവുന്ന മൾട്ടിടയർ ഗ്രോബാഗ് സെറ്റിംഗ്, 30

മുതൽ 35 ചെടികൾ വരെ നടാവുന്നതും വെർമി വാഷും, വെർമി കംമ്പോസ്റ്റും ലഭ്യമാക്കുന്നതുമായ മൾട്ടി ടയർ ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം ഉണ്ടാക്കൽ, വിത്ത് പരിപാലനം, ഹൈടെക്ക് രീതിയിൽ നഴ്സറി ചെടികൾ ഉണ്ടാക്കുന്ന വിധം, വളപ്രയോഗം, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം വിവിധ വിളകളുടെ പരിപാലനം, ജൈവ-ജീവാണു വളങ്ങളുടേയും/കീടനാശിനികളുടേയും ഉപയോഗം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ **0487 2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് (27/07/22) രാവിലെ 10 മുതൽ 5 വരെ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 22, 23 തീയതികളിൽ ആട് വളർത്തൽ** വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0479 2452277, 0479 2457778** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് നാളെ (ജൂലൈ 21) രാവിലെ 10 മണി മുതൽ 4 മണി വരെ **ആട് വളർത്തൽ** വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

14. നേന്ത്രവാഴയ്ക്ക് ചിലയിടങ്ങളിൽ ബാക്ടീരിയമൂലം ഉണ്ടാകുന്ന **മാണം അഴുകൽ രോഗം** കാണുന്നുണ്ട്. വാഴയുടെ ഇലകൾ മഞ്ഞളിക്കുകയും, വാഴക്കൈകൾ ഒടിയുകയും ക്രമേണ വാഴ കടയോടെ മറിഞ്ഞു വീഴുകയും ചെയ്യും. വാഴയുടെ മാണം ചീഞ്ഞ് അഴുകിയതായും കാണാം.



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണ്ണിലൂടെയാണ് രോഗം പകരുന്നത് എന്നതു കൊണ്ട് ഇത് നിയന്ത്രിക്കുന്നതിനായി നീർവാർച്ച ഉറപ്പുവരുത്തണം. ബ്ലീച്ചിംഗ് പൗഡർ ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ വാഴയൊന്നിന് 5 ലിറ്റർ എന്ന കണക്കിന് ഒഴിച്ചുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം